**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 947** **06-02-2023 - ൽ മറുപടിയ്ക്ക്**

**ബഫർ സോൺ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി കെ ഹരീന്ദ്രൻ** | | **ശ്രീ . എ . കെ . ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | വന്യജീവി സങ്കേതങ്ങൾക്ക് ഒരു കിലോമീറ്റർ ചുറ്റളവിൽ പരിസ്ഥിതിലോല മേഖല നിർണ്ണയിക്കണമെന്ന സുപ്രീം കോടതി വിധി പാറശ്ശാല നിയോജക മണ്ഡലത്തിലെ അമ്പൂരി, കള്ളിക്കാട് ഗ്രാമപഞ്ചായത്തുകളിലെ മലയോര കർഷകരെ ഭീതിയിലാഴ്ത്തിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | വന്യജീവി സങ്കേതങ്ങൾക്ക് ഒരു കിലോമീറ്റർ ചുറ്റളവിൽ പരിസ്ഥിതി സംവേദക മേഖല (ഇക്കോ സെൻസിറ്റീവ് സോൺ) നിർണ്ണയിക്കണമെന്ന ബഹു. സുപ്രീം കോടതിയുടെ 03-06-2022-ലെ ഉത്തരവ് അമ്പൂരി, കള്ളിക്കാട് ഗ്രാമ പഞ്ചായത്തുകൾ ഉൾപ്പെടെയുള്ള സംസ്ഥാനത്തെ മലയോര മേഖലയിൽ ആശങ്കകൾ സൃഷ്ടിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പരിസ്ഥിതിലോല പ്രദേശങ്ങളിൽ ഒരു കിലോമീറ്റർ വരെ ബഫർ സോണായി കരുതുമെന്ന സുപ്രീം കോടതി വിധി പ്രസ്തുത പ്രദേശങ്ങളെ ഏത് രീതിയിൽ ബാധിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) | ബഹു. സുപ്രീം കോടതിയുടെ 03-06-2022-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 08-06-2022-ലെ ബഹു. വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗ തീരുമാന പ്രകാരം ഒരു കിലോമീറ്റർ ഇക്കോ സെൻസിറ്റീവ് സോണിൽ ഉൾപ്പെടാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആൻറ് എൻവയോൺമെൻറ് സെന്റർ മുഖേന ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെയുള്ള വിവര ശേഖരണം നടത്തിയിട്ടുണ്ട്. ടി പ്രദേശങ്ങളിൽ ഭൗതിക സ്ഥലപരിശോധന കൂടി നടത്തി വിശദമായ വിവരങ്ങൾ ശേഖരിക്കുവാൻ ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 29-08-2022-ൽ ചേർന്ന യോഗത്തിലെ തീരുമാനത്തെ തുടർന്ന് 30-9-2022-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 424/2022/ വനം പ്രകാരം ഒരു വിദഗ്ധ പരിശോധനാ സമിതി രൂപീകരിച്ചിട്ടുണ്ട്. പൊതുജന പങ്കാളിത്തത്തോടെ ജനവാസ മേഖലകൾ സംബന്ധിച്ച പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ ടി സമിതി സ്വീകരിച്ചുവരുകയാണ്. വിദഗ്ധ പരിശോധനാ സമിതിയുടെ പഠന റിപ്പോർട്ട് കൂടി ലഭ്യമായാൽ മാത്രമെ സംരക്ഷിത വന മേഖലയ്ക്ക് ഒരു കിലോമീറ്റർ ചുറ്റളവിൽ ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിച്ചാൽ നെയ്യാർ വന്യജീവി സങ്കേതത്തിന്റെ സമീപപ്രദേശങ്ങൾ ഉൾപ്പെടെയുള്ള |

| | | | |
|---|---|---|---|
| | | | സ്ഥലങ്ങളെ ഏത് രീതിയിൽ ബാധിക്കുമെന്ന് വിലയിരുത്താൻ സാധിക്കുകയുള്ളൂ. 28.12.2022 ലെ സർക്കാർ ഉത്തരവ് (സാധാ) നം. 580/2022/വനം പ്രകാരം വിദഗ്ധ സമിതിയുടെ കാലാവധി 28.02.2023 വരെ ദീർഘിപ്പിച്ച് കൊണ്ട് ഉത്തരവായിട്ടുണ്ട്. |
| (സി) | അമ്പൂരി, കള്ളിക്കാട് ഗ്രാമപഞ്ചായത്തുകളിലെ ജനവാസമേഖലകളെ ബഫർ സോൺ പരിധിയിൽ നിന്നും പൂർണ്ണമായും ഒഴിവാക്കുന്നതിനായി സംസ്ഥാന സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഇതിനായി നിയമ നിർമ്മാണം നടത്തുന്നത് പരിഗണനയിൽ ഉണ്ടോ; വിശദാംശം നൽകാമോ? | (സി) | നെയ്യാർ-പേപ്പാറ വന്യജീവി സങ്കേതങ്ങൾക്ക് ചുറ്റും ഇക്കോ സെൻസിറ്റീവ് പ്രഖ്യാപിക്കുന്നതിനായി, നിലവിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലുള്ളതുമായ പ്രൊപ്പോസൽ അമ്പൂരി, കള്ളിക്കാട് ഗ്രാമ പഞ്ചായത്തുകളിലെ ജനവാസമേഖലകളെ ഒഴിവാക്കിക്കൊണ്ടുള്ളതാണ്. ആയത് ഉൾപ്പെടെയുള്ള, സംസ്ഥാനത്തെ പ്രത്യേക സാഹചര്യത്തിൽ ജനവാസമേഖലകൾ ഒഴിവാക്കിക്കൊണ്ട് നിലവിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾ അംഗീകരിച്ച് ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾക്കായി കേന്ദ്ര എംപവേർഡ് കമ്മിറ്റിയേയും ബഹു. സുപ്രീം കോടതിയെയും സമീപിക്കണമെന്ന് സംസ്ഥാന സർക്കാർ 25-06-2022-ലെ ഡി2/46/2019/വനം നമ്പർ കത്ത് പ്രകാരം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്.<br><br>ബഹു. സുപ്രീം കോടതിയുടെ WP(C)202/1995 നമ്പർ കേസിലെ I.A.1000/2003 നമ്പർ ഹർജിയിലെ 03-06-2022-ലെ ഉത്തരവിന്മേൽ സംസ്ഥാനത്തെ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്ത് റിവ്യൂ പെറ്റീഷൻ 17-08-2022-ൽ ഡയറി നം. 25588-2022 ആയി ബഹു. സുപ്രീം കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്. ബഹു. സുപ്രീം കോടതിയുടെ 03.06.2022 ലെ വിധിയിൻമേൽ കേന്ദ്ര സർക്കാർ സമർപ്പിച്ച മോഡിഫിക്കേഷൻ/ ക്ളാരിഫിക്കേഷൻ ഹർജ്ജിയിൽ സംസ്ഥാന സർക്കാരിന് കക്ഷി ചേരുന്നതിനുള്ള അപേക്ഷ ബഹു. സുപ്രീം കോടതിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ